## കേരള സർക്കാർ

### സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹികമായും സാമ്പത്തികമായും പാർശ്വവല്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് രൂപവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി.ഒ.(പി)നം.165/2016/ധന. തിരുവനന്തപുരം, തീയതി: 31/10/2016.

---

പരാമർശം:- പി.എ /ഒ.എസ്-ഡി-സി.എം-2016, തീയതി 05/10/2016.

### ഉത്തരവ്

വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും, ക്ഷേമവും ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിനുമായി മുഖ്യമന്ത്രിയുടെ ജനസാന്ത്വനഫണ്ട് എന്ന പേരിൽ ഒരു പൊതുജന ക്ഷേമ ഫണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവാകുന്നു. സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽനിന്നും ഉദാരമായി സംഭാവനകൾ/ സ്പോൺസർഷിപ്പ് എന്നിവയിലൂടെ ഫണ്ട് സമാഹരണം ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപവൽക്കരിച്ചിട്ടുള്ളത്. സമൂഹത്തിന്റെ ഉന്നമനത്തിനായി എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണം ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ പൂർണ്ണമായ ചുമതലയിലായിരിക്കും. പദ്ധതിയുടെ ഘടന, ഉദ്ദേശ്യലക്ഷ്യങ്ങൾ, ഫണ്ട് സമാഹരണം, ഫണ്ട് വിനിയോഗം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

### <u>അനുബന്ധം</u>

<u>പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ</u>

<u>ജനറൽ കമ്മിറ്റി</u>

| | | |
|---|---|---|
| മുഖ്യമന്ത്രി | - | എക്സ് ഒഫീഷ്യോ ചെയർമാൻ |
| ധനകാര്യ വകുപ്പ് മന്ത്രി | - | എക്സ് ഒഫീഷ്യോ വൈസ് ചെയർമാൻ |
| ചീഫ് സെക്രട്ടറി | - | എക്സ് ഒഫീഷ്യോ മെമ്പർ |
| ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി | - | എക്സ് ഒഫീഷ്യോ മെമ്പർ & ട്രഷറർ |
| ധനകാര്യ അഡീഷണൽ/ജോയിന്റ് സെക്രട്ടറി (ഫണ്ട്സ് വിഭാഗം) | - | കൺവീനർ & എക്സ് ഒഫീഷ്യോ മെമ്പർ |

<u>ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

വിദ്യാഭ്യാസം, ആരോഗ്യം കൂടാതെ മറ്റ് മേഖലകളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നതും

അടിയന്തിരമായി നടപ്പിലാക്കേണ്ടതുമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സാമ്പത്തികപ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക് സമാശ്വാസ ധനസഹായം, വൃദ്ധജനങ്ങളെയും പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുന്നതിനുള്ള ധനസഹായം തുടങ്ങിയ ധനസഹായ ആവശ്യങ്ങൾക്കായാണ് ഈ ഫണ്ടിലുള്ള തുക വിനിയോഗിക്കേണ്ടത്.

**ഫണ്ട് രൂപവൽക്കരണം**

മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിലേക്ക് ലഭിക്കുന്ന സംഭാവനകൾ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ ആരംഭിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

**ഫണ്ട് സമാഹരണം**

സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽനിന്നും ഉദാരമായ സംഭാവനകൾ/സ്പോൺസർഷിപ്പ് എന്നിവ മുഖേന ഫണ്ട് സമാഹരണം നടത്തുന്നതാണ്. പ്രസ്തുത സംഭാവനകൾ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നേരിട്ട് അടക്കുകയോ, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലെടുത്ത ഡി.ഡി/ചെക്ക് മുതലായവ മുഖേന ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ സർക്കാരിന്റെ അറിവോടെ പൊതുജനങ്ങൾക്ക്/സന്നദ്ധ സ്ഥാപനങ്ങൾക്ക് നേരിട്ട് സ്പോൺസർഷിപ്പ് മുഖേന ഈ പദ്ധതിയുടെ ഫണ്ട് സമാഹരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്.

**ഫണ്ടിന്റെ വിനിയോഗം**

ജനസാന്ത്വന പദ്ധതിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ അതാത് ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അയക്കുന്നതും ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ/സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് തുക നിക്ഷേപിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ. കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി.& എസ്.എസ്.എ), കേരള, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ(ഇ.& ആർ.എസ്.എ) കേരള, തിരുവനന്തപുരം
- ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
- മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
- ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
- വെബ് & ന്യൂ മീഡിയ / നോഡൽ ഓഫീസർ, www.finance.kerala.gov.in
- സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ